# കണ്ണൂർ സർവ്വകലാശാല

# (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യൂ., തീയതി 15.05.2026

**പ്രസിദ്ധീകരണത്തിന്**

## പുനർമൂല്യനിർണ്ണയ ഫലം

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്ന്, മൂന്ന് സെമസ്റ്റർ ബിരുദ സപ്ലിമെന്ററി (നവംബർ 2025)പരീക്ഷകളുടെ പുനർമൂല്യനിർണ്ണയ ഫലം സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.പൂർണ്ണഫലം പുനർമൂല്യനിർണയം പൂർത്തിയാകുന്നമുറയ്ക്ക് വെബ് സൈറ്റിൽ

അപ് ഡേറ്റ് ചെയ്യുന്നതാണ്.

## പ്രൈവറ്റ് രെജിസ്ട്രേഷൻ മൂന്നാം സെമസ്റ്റർ ബി സി എ പരീക്ഷകൾ

പ്രൈവറ്റ് രെജിസ്ട്രേഷൻ മൂന്നാം സെമസ്റ്റർ ബി സി എ (2024 അഡ്മിഷൻ -റെഗുലർ) പ്രോഗ്രാമിന്റെ . KU3VACCAP102: സൈബർ ലോ ആൻഡ് എത്തിക്സ്, KU3DSCCAP201 : ഡിസ്ക്രീറ്റ് മാത്തമാറ്റിക്സ് KU3DSCCAP205:ലിനക്സ് സിസ്റ്റം അഡ്മിനിസ്ട്രേഷൻ എന്നീ കോഴ്സുകളുടെ പരീക്ഷ, യഥാക്രമം 10.06.2026 (ബുധൻ), 12.06.2026(വെള്ളി), 15.06.2026 (തിങ്കൾ) എന്നീ തീയതികളിലായി തോട്ടട , ശ്രീ നാരായണ ഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ൽ വെച്ച് നടക്കും .ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്

## പരീക്ഷാ തീയതി പുനഃ ക്രമീകരിച്ചു

18.05.2026 ന് ആരംഭിക്കാനിരുന്ന രണ്ടാം സെമസ്റ്റർ എം എസ് സി കൗൺസിലിങ് സൈക്കോളജി (റെഗുലർ / സപ്ലിമെന്ററി /ഇംപ്രൂവ്മെന്റ് ) ഏപ്രിൽ 2026 , രണ്ടാം സെമസ്റ്റർ എം എസ് സി ജിയോളജി (റെഗുലർ / സപ്ലിമെന്ററി /ഇംപ്രൂവ്മെന്റ് ) ഏപ്രിൽ 2026 പരീക്ഷകൾ 08.06.2026 ന് ആരംഭിക്കുന്ന വിധം പുനഃ പുനഃ ക്രമീകരിച്ചു . പുതുക്കിയ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്

## ടൈം ടേബിൾ

03.06.2026 ന് ആരംഭിക്കുന്ന , അഫിലിയേറ്റഡ് കോളേജുകളിലെയും സെന്ററുകളിലെയും നാലാം സെമസ്റ്റർ എം സി എ (റെഗുലർ / സപ്ലിമെന്ററി /ഇംപ്രൂവ്മെന്റ് ) മെയ് 2026, 08.06.2026 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ലേണിംഗ് ഡിസബിലിറ്റി (പി ജി ഡി എൽ ഡി) നവംബർ 2025 പരീക്ഷകളുടെ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

## പ്രായോഗിക പരീക്ഷകൾ/ പ്രൊജക്ട് മൂല്യനിർണ്ണയം /വൈവ-വോസി

അഫിലിയേറ്റഡ് കോളേജുകളിലെ നാലാംസെമസ്റ്റർ എം.എ അറബിക്ക് ഡിഗ്രി (റെഗുലർ/സപ്ലിമെൻററി) ഏപ്രിൽ 2026,പ്രായോഗിക പരീക്ഷകൾ/ പ്രൊജക്ട് മൂല്യനിർണ്ണയം /വൈവ-വോസിഎന്നിവ 2026 മെയ് 18 മുതൽ ജൂൺ 05 വരെയുള്ള തീയതികളിലായി അതത് കോളേജുകളിൽ വെച്ച് നടക്കുന്നതാണ്.വിശദമായ ടൈംടേബിൾ

സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്.

**<u>പരീക്ഷാ ഫലം</u>**

അഫിലിയേറ്റഡ് കോളേജുകളിലെ ആറാം സെമസ്റ്റർ ബി കോം (റെഗുലർ / സപ്ലിമെന്ററി /ഇംപ്രൂവ്മെന്റ് ) ഏപ്രിൽ 2026 പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ പുനഃ പരിശോധന , സൂക്ഷ്മ പരിശോധന , ഫോട്ടോ കോപ്പി എന്നിവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി 2026 മെയ് 28 വരെ സ്വീകരിക്കുന്നതാണ്

ഒപ്പ്/-

അസിസ്റ്റന്റ് രജിസ്ട്രാർ I

(പരീക്ഷാ വിഭാഗം)